**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 843** **26-07-2021 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കെട്ടിടനിർമ്മാണാനുമതി ലഭിക്കാത്തത് കാരണം സ്കൂളുകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ കെട്ടിട നിർമ്മാണാനുമതി ലഭിക്കാത്തതിന്റെ പേരിൽ ജീവനക്കാരുടെ ശമ്പളം തടഞ്ഞു വയ്ക്കാൻ വ്യവസ്ഥയുണ്ടോ എന്നറിയിക്കാമോ; | (ബി) | ഇല്ല. ഓരോ വർഷവും സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സ്കൂൾ മാനേജർ തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ മുൻപാകെ സമർപ്പിച്ച് കെട്ടിട പരിശോധന നടത്തിച്ച് ജൂലൈ 15 നകം ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഹാജരാക്കുക എന്നത് മാനേജരിൽ നിക്ഷിപ്തമായ നടപടി ക്രമമാണ്. എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ശമ്പളവും ആനുകൂല്യ ങ്ങളും നൽകുന്നത് ഓരോ വർഷവും മാനേജർ ഹാജരാക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ സർട്ടിഫിക്ക റ്റിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ എണ്ണം പരിഗണിച്ച് നടത്തുന്ന തസ്തിക നിർണ്ണയ പ്രകാരമാണ്. എന്നാൽ ടി സ്കൂളിൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയം നടക്കാത്തതിനാൽ ടി സ്കൂളിൽ ഏതെല്ലാം തസ്തികകൾ ലഭ്യമാണെന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതിനാലാണ് ശമ്പളം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തടഞ്ഞുവച്ചിരിക്കുന്നത്. പ്രസ്തുത സ്കൂളിന്റെ 2019-20 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയാകുന്ന മുറയ്ക്ക് അദ്ധ്യാപക രുടെ ശമ്പളവും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി കൾ സ്വീകരിക്കാമെന്ന് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അറിയിച്ചിട്ടുണ്ട്. |
| (സി) | മണിയൂർ ഗ്രാമപഞ്ചായത്തിലെ ആറങ്ങോട് എം.എൽ.പി. സ്കൂളിലെ അദ്ധ്യാപകർക്ക് 8 മാസമായി ശമ്പളം ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. തോടന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ സ്കൂൾ പ്രഥമാധ്യാപകന്റെ പരാതി ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സ്കൂളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ശമ്പളം ലഭിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ; ഇവർക്ക് ശമ്പളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (ഡി) | തോടന്നൂർ ഉപജില്ലയിൽപ്പെട്ട ആറങ്ങോട് എം.എൽ.പി സ്കൂളിൽ നിലവിലുള്ള എല്ലാ കെട്ടിടങ്ങളും മാറ്റി പുതിയ കെട്ടിടം പണിതെങ്കിലും 2019-20 വർഷം സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ സർട്ടിഫിക്കറ്റ് ഇതുവരെ മാനേജർ ഹാജരാക്കിയിട്ടില്ല. തന്മൂലം പ്രസ്തുത സ്കൂളിന്റെ 2019-20 വർഷത്തെ തസ്തിക നിർണ്ണയം ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ഓരോ വർഷവും സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സ്കൂൾ മാനേജർ തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ മുമ്പാകെ സമർപ്പിച്ച കെട്ടിട പരിശോധന നടത്തിച്ച് ജൂലൈ 15 നകം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കുക എന്നത് മാനേജരിൽ നിക്ഷിപ്തമായ നടപടി ക്രമമാണ്. പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന്റെ സുരക്ഷാ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയ ർക്കുമാണ്. എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നത് ഓരോ വർഷവും മാനേജർ ഹാജരാക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാ നത്തിൽ, കുട്ടികളുടെ എണ്ണം പരിഗണിച്ച് നടത്തുന്ന തസ്തിക നിർണ്ണയ പ്രകാരമാണ്. |

സെക്ഷൻ ഓഫീസർ